ഉത്തരം

(എ)& (ബി) വണ്ടൂർ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വണ്ടൂർ യത്തിംഖാന കോമ്പൗണ്ടിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്ക് നിർമ്മാണത്തിനും പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾക്കുമായി 75 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2000-2001 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(സി) ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

ചൂരമണി വാട്ടർ സപ്ലൈ സ്കീം

37 (200) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വേങ്ങൂർ പഞ്ചായത്തിലെ ചൂരമണി വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഏതു ഘട്ടംവരെയായി;

(ബി) ഇനി എന്തെല്ലാം പണികൾ പൂർത്തിയാക്കാനുണ്ട്;

(സി) ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വേങ്ങൂർ ഈസ്റ്റ്-വെസ്റ്റ് വില്ലേജുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി പ്രകാരം എല്ലാ ഘടകങ്ങളുടെയും പണികൾ മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു.

(ബി) ട്രീറ്റ്മെന്റ് പ്ലാന്റിൽ ഫിൽട്ടർ മീഡിയ നിറച്ചു വരികയാണ്. ഏകദേശം പത്തു ദിവസത്തിനുള്ളിൽ ശുദ്ധീകരണശാല പരീക്ഷണാർത്ഥം പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഫെബ്രുവരി അവസാനത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീം

38 (201) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-ൽ ആരംഭിച്ച വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ജോലിയുടെ ഭാഗമായി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ആരംഭിക്കുന്നതിനും അനുവാദം നൽകുന്നതിനും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) ആറ് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത ഈ ജോലി ഈ വർഷം തന്നെ ചെയ്തു തീർത്ത് ജലവിതരണം നടത്താൻ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) 1993-ൽ ആരംഭിച്ച വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റ് കിണർ, പമ്പ് ഹൗസ് എന്നിവ ഒഴികെയുള്ള പണികൾ ഏകദേശം 60% പൂർത്തിയായി. പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, സബ് വിതരണ ശൃംഖല എന്നീ ഘടകങ്ങളുടെ പണി പുരോഗമിച്ചു വരുന്നു. രഘുനാഥപുരത്ത് സ്ഥാപിക്കുന്ന ജലസംഭരണിയുടെ പണി ഏറ്റെടുത്ത കരാറുകാരൻ പണി ഉപേക്ഷിച്ചതിനാൽ വീണ്ടും ദർഘാസ് വിളിച്ച് പണി ഏൽപ്പിക്കുവാൻ വേണ്ട നടപടി എടുത്തു വരുന്നു.

(ബി) ഉണ്ട്.

(സി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ദർഘാസുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത പദ്ധതി 2001-ൽ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ട് നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

അകലക്കുന്നം പഞ്ചായത്തിലെ ശുദ്ധജല പദ്ധതി

39 (202) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ അകലക്കുന്നം പഞ്ചായത്തിൽ നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പൂർണ്ണമായും വെള്ളം നൽകി തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ എത്രമാത്രം ശുദ്ധജല വിതരണം തുടങ്ങി എന്ന് വ്യക്തമാക്കാമോ ;

(സി) പൂർണ്ണമായും സ്കീം നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്കീമിന്റെ പൂർണ്ണമായ പ്രയോജനം എപ്പോൾ ജനങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഒന്നിടവിട്ട ദിവസങ്ങളിൽ 149 പൊതുടാപ്പുകളുള്ളതിൽ 124 എണ്ണത്തിൽ ജലവിതരണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly